14 (*567) ജലസേചനപദ്ധതികളുടെ പുനരുദ്ധാരണം

ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർത്തീകരിച്ച ജലസേചനപദ്ധതികളിൽ പലതിൽനിന്നും കാലപ്പഴക്കംമൂലം ഉദ്ദേശിച്ച പ്രയോജനം ലഭിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) റീവാംപിംഗ് ആന്റ് കൺസോളിഡേഷൻ പ്രോഗ്രാം അനുസരിച്ച് സംസ്ഥാനത്തെ ഏതെല്ലാം പദ്ധതികൾ പുനഃരുദ്ധാരണം ചെയ്യുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ജലസേചന പദ്ധതികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും യഥാസമയം പുനരുദ്ധാരണം നടത്തുന്നതിനും ജലസേചനവകുപ്പിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; കാലപ്പഴക്കത്തെത്തുടർന്ന് സംസ്ഥാനത്തെ ഏതെങ്കിലും വൻകിട ജലസേചനപദ്ധതികൾ അപകടാവസ്ഥ നേരിടുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) പൂർത്തീകരിച്ച ജലസേചനപദ്ധതികളിൽനിന്നും പരമാവധി പ്രയോജനം ലഭിക്കുന്നതിനുവേണ്ടി വാർഷിക അറ്റകുറ്റപ്പണികൾക്കുപുറമേ പദ്ധതികളുടെ വിലയിരുത്തൽ പഠനം (പോസ്റ്റ് ഫാക്റ്റോ ഇവാല്യൂവേഷൻ സ്റ്റഡി) ഇൻവെസ്റ്റിഗേഷൻ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കൂടാതെ കാലപ്പഴക്കം ചെന്ന പദ്ധതികളുടെ പുനരുദ്ധാരണത്തിനായി 'റീ വാംപിംഗ് ആന്റ് കൺസോളിഡേഷൻ പ്രോഗ്രാം' അനുസരിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള 'ആക്ഷൻ പ്ലാൻ' തയ്യാറാക്കി നടപ്പാക്കി വരുന്നു.

(സി) മംഗലം, മലമ്പുഴ, പോത്തുണ്ടി, വാഴാനി, ചീരക്കുഴി, പീച്ചി, വാളയാർ, ഗായത്രി, നെയ്യാർ എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി)&(ഇ) ഉണ്ട്. ഡാമുകളുടെ പുനരുദ്ധാരണത്തിനായുള്ള റീ വാംപിംഗ് പ്രോഗ്രാമിന് മേൽനോട്ടം വഹിക്കാനായി ഒരു 'ഹൈലെവൽ സ്റ്റീയറിംഗ് കമ്മിറ്റി' പ്രവർത്തിച്ചുവരുന്നുണ്ട്. ഡാമുകളുടെ സുരക്ഷ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനായി 'ഡാം സേഫ്റ്റി കമ്മിറ്റി' രൂപീകരിച്ചിട്ടുണ്ട്. ജലസേചനവകുപ്പിന്റെ കീഴിലുള്ള ഡാമുകളൊന്നുംതന്നെ അപകടാവസ്ഥയിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly